അദ്ധ്യായം 4 -

ഈശ്വരസാക്ഷാത്കാരം ലഭിച്ച ഒരു മനുഷ്യന്റെ ശരീര മാതൃകയാണ് ക്ഷേത്രം എന്ന് കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞു ഈ ക്ഷേത്ര പുരുഷനാകുന്ന ഈശ്വരനെ നമുക്കനുകൂലമാക്കുന്ന ക്രിയാപദ്ധതിയാണ് പൂജ എന്നറിയപ്പെടുന്നത്.

ശൈ വാഗമത്തിൽ അഞ്ചു വിധം പൂജകളെ പറ്റി പരാമർശിക്കുന്നു അഭിഗമനം, ഉപാദാനം, ഇജ്ന്യാ, സ്വാദ്ധ്യായം, യോഗം എന്നിവയാണി ഇവ ഓരോന്നും എന്താണെന്ന് ചുരുക്കി പറയാൻ ശ്രമിക്കാം.

അഭിഗമനം എന്നാൽ കുളിച്ച് തൊഴൽ എന്നതാണ് ' കുളിച്ച് ശരീര ങ്കദ്ധി വരുത്തിയ ശേഷം മാത്രമേ ക്ഷേത്ര ദർശനം പാടുള്ളൂ എന്നാണ് പൂർവ്വിക മതം' ഭയഭക്തി ബഹുമാനത്തോടു കൂടി നാമ ജപത്താൽ മന:ശുദ്ധി വരുത്തി ശ്രീകോവിലിനുള്ളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ദേവനെ വലത്താക്കി ബലിക്കല്ലുകൾക്ക് പുറത്തു കൂടി മന്ദഗതിയിൽ നടന്ന് ദേവപാദങ്ങളെ ഒരു നിമിഷം കണ്ണുകളിലൂടെയും മറ്റു നിമിഷം മനസ്സിലും കണ്ട് കൈകൾ താമരമൊട്ടിന്റെ ആകൃതിയിലാക്കി' പുരുഷന്മാർ കൈകളെ നെഞ്ചോടു ചേർത്തും സ്ത്രീകൾ കണ്ഠസ്ഥാനത്തും ചേർത്ത് പിടിച്ച് തൊഴുന്ന ആരാധനാ സമ്പ്രദായമാണ് അദി ഗമനം '. നമ്മുടെ ശരീരത്തിലെ തൊക്കിലുള്ള ചെറു സുഷിരങ്ങൾ വഴിയാണ് ദേവന്റെ അനുഗ്രഹ കലയാകുന്ന ശക്തി ചൈതന്യം നമ്മുടെ ശരീരം സ്വീകരിക്കുന്നത് ഈ ചെറു സുഷിരങ്ങൾ തുറക്കുന്നതിനു വേണ്ടിയാണ് ക്ഷേത്രത്തിൽ ദർശനത്തിനു മുൻപ് കുളിക്കണം എന്ന് നിഷ്കർഷിച്ചിരിക്കുന്നത് '

ജീവിത ചിന്തകൾ മനുഷ്യനെ സദാ അലട്ടികൊണ്ടിരിക്കുകയാണല്ലോ ?അതിൽ നിന്നും അൽപ്പം മോചനത്തിനു വേണ്ടിയാണ് ക്ഷേത്ര ദർശനം നടത്തുന്നത് അതിനായി മനസ്സിനെ നാമജപത്താൽ ശുദ്ധമാക്കണം നിരന്തരമായി ഈശ്വര നാമങ്ങൾ ഉരുവിടുക വഴി ദൗതിക ക്ലേശങ്ങൾ മനസ്സിൽ നിന്നും മായുന്നു അതു കൊണ്ട് ക്ഷേത്ര ദർശനം നടത്തുന്നവർ ക്ഷേത്ര മൂർത്തിയുടെ നാമം ജപിക്കണം.പ്രദക്ഷിണം വയ്ക്കുമ്പോൾ മന്ദഗതിയിലായിരിക്കണം എന്തെന്നാൽ വേഗത്തിൽചലിക്കു ബോൾ ശരീരോഷ്മാവ് വർദ്ധിക്കുന്നു ശ്വാസോച്ഛ്വാസം വേഗത്തിലാകുന്നു അപ്പോൾ മനസ്സിനെ ഒരു വസ്തുവിൽ കേന്ദ്രീകരിക്കാൻ പ്രയാസമാകും.സാധാരണ ക്ഷേത്രങ്ങളിൽ പ്രദക്ഷിണം വയ്ക്കുമ്പോൾ ദേവനെ വലത്താക്കി വേണം ചെയ്യുവാൻ എന്നാൽ ശിവക്ഷേത്രത്തിൽ ഇതിനു വ്യത്യാസം ഉണ്ട് സ വ്യാപസ വ്യക്രമം എന്നാണ് ഇതിനു പറയുന്നത് 'കാരണം ശിവൻകുണ്ഡലിനീ ശക്തിയുടെ ഏറ്റവും ഉയർന്ന അവസ്ഥയിൽ സ്ഥിതി ചെയ്യുന്നു ആജ്ഞാ ചക്രത്തിന് മേലെ സഹ സ്രാരചക്രത്തിലാണ് ശിവ സങ്കൽപ്പം സഹസ്രാര ചക്രത്തിൽ നിന്നും അമൃതധാര ഒഴുകുന്നതിനാൽ അതിനെ മറികടക്കാൻ മർത്യ ജന്മത്തിന് സാദ്ധ്യമല്ല ഈ സങ്കൽപ്പത്താലാണ് ശിവക്ഷേത്രത്തിൽ സോമസൂത്രം മുറിച്ച് കടക്കരുതെന്ന് നിഷ്കർഷിച്ചിരിക്കുന്നത്.

ഉപാദാനം എന്നാൽ കിട്ടുന്നതിൽ ഒരു ഭാഗം ക്ഷേത്ര പുരുഷനു കൊടുക്കുക ' ദാനധർമ്മം ഏറ്റവും ശ്രേഷ്ഠ മായി കരുതുന്നുഭാരതത്തിൽ കൊടുക്കുന്നത് സൽപാത്രത്തിലാണെങ്കിൽ ഉത്തമം നമ്മളിൽ പലരും ചോദിക്കാറുണ്ട് ഈശ്വരന് എന്തിനാണ് പണം എന്ന്, ഈശ്വരന് പണം ആവശ്യമുണ്ടോ എന്നതല്ല അവിടെ പ്രസക്തി കൊടുക്കാനുള്ള മനസ്സാണ് വേണ്ടത് അതിനായി ക്ഷേത്രത്തിൽ ദർശനത്തിനു വരുന്ന വർ

ഭഗവാന് എന്തെങ്കിലും കൊടുക്കണം എന്ന് നിഷ്കർഷിച്ചിരിക്കുന്നു.

'